Volume 6(2) September 2019

ISSN : 2348-7984

# JOURNAL OF dbct

Biannual Multidisciplinary Journal



Devaswom Board College, Thalayolaparambu

## Contents

1. Structural and Biological Studies of Some Lanthanide(III) Complexes of tridentate ONO donor Pyrazolone Schiff Base ........ 3
*Jincy E. M.[a,b], Muraleedharan Nair. M. K.[b*]*

2. Music and Other Disciplines ........ 13
*Pooja P Balasundaram*

3. A Study On Risk Towards Internet Banking Adoption ........ 21
*Nisha C Vijayan*

4. Post Colonial Cinema- A Review ........ 34
*Jobin N.B.*

5. आम आदमी और आज की कविता ........ 40
*Praneetha p*

6. दर्शनकलानिधिपरीक्षिद्रामवर्मणः अप्रकाशितानि स्तोत्राणि । ........ 50
*Vijayakumar M*

7. കാഴ്ചയിലെ രത്യധികാരം ........ 63
*Smrithi S. Babu*

8. സാഹിത്യവും സംസ്കാരവും ........ 71
*Joji Madappattu*

9. കെ.പി. കേശവമേനോനും എഫ്.എം.എസ്. നാടുകളിലെ ഇന്ത്യൻ സ്വാതന്ത്രതാവാദങ്ങളും ........ 77
**Jomol Jose**

10. അന്നക്കളിയും തീണ്ടിപടയണിയും ........ 87
**Sini G.P**

ISSN 2348 -7984

# കെ.പി. കേശവമേനോനും എഫ്.എം.എസ്. നാടുകളിലെ ഇന്ത്യൻ സ്വതന്ത്രതാവാദങ്ങളും

**Jomol Jose**
*Department of Malayalam, St. Aloysius College, Edathuva, Alappuzha*
***j7m4purackal@gmail.com***

19-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ 20-ാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങൾവരെ ഏതാണ്ട് ഒന്നര ശതകത്തോളം ഇന്ത്യയുടെ സാമ്പത്തികനിയന്ത്രണം അന്നത്തെ രാഷ്ട്രീയാധികാരികളായിരുന്ന വിദേശീയരിൽ നിക്ഷിപ്തമായിരുന്നു. ഇന്ത്യയിൽ തങ്ങളുടെ രാഷ്ട്രീയഭാവിയെക്കുറിച്ച് ഒരുറപ്പും ഇല്ലാതിരുന്ന ബ്രിട്ടീഷുകാർ ലഭ്യമായ സാഹചര്യങ്ങളിലെല്ലാം രാജ്യത്തെ പരമാവധി ചൂഷണം ചെയ്തു.

ബ്രിട്ടീഷധിനിവേശത്തിന്റെ ഫലമായി ഇന്ത്യയിൽ രൂപപ്പെട്ട അസ്ഥിരമായ സാമ്പത്തികസാഹചര്യങ്ങളും ദുർല്ലഭമായ തൊഴിലവസരങ്ങളും മറ്റു രാജ്യങ്ങളിൽ ജോലിതേടുവാൻ ഇന്ത്യക്കാരെ നിർബന്ധിതരാക്കി. ഇന്ത്യൻ തൊഴിലാളികളുടെ ഒരു പ്രധാന അഭയകേന്ദ്രമായിരുന്നു 'മലയാനാടുകൾ'. 40 വയസ് പിന്നിട്ട കേശവമേനോനും ഇതേ ആവശ്യത്തിനായി മലയാ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലെത്തി.

അസംഘടിതരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ ബാല്യംമുതലേ കണ്ടറിയുകയും അവരുടെ അവകാശസംരക്ഷണങ്ങൾക്കായി ശബ്ദമുയർത്തുകയും ചെയ്ത് പരിചയപ്പെട്ട കേശവമേനോൻ മലയായിൽ ചെന്നപ്പോൾ കണ്ടത് ഇന്ത്യൻ തൊഴിലാളിയുടെ ദുരിതജീവിതാവസ്ഥകളാണ്. ആ നാടുകളുടെ വികസനത്തിനും അഭിവൃദ്ധിക്കും വേണ്ടി അങ്ങേയറ്റം അധ്വാനിച്ച അവരുടെ ജീവിതം ഏറെ ക്ലേശപൂർണമായിരുന്നു. ''കപ്പലുകളിൽ ഏറ്റം താണശ്രേണിയിലാണ് അവർ യാത്രചെയ്തിരുന്നത്. ബ്രിട്ടീഷുകാർ ഏതാണ്ട് നിർബന്ധിച്ചുതന്നെ ധാരാളം ഇന്ത്യാക്കാരെ ഫിജിയിലും

വെസ്റ്റിൻഡീസിലുമുള്ള കരിമ്പിൻ തോട്ടങ്ങളിൽ കൃഷിപ്പണിക്കായി കപ്പൽ കയറ്റി അയച്ചിരുന്നു.''1

ഇന്നത്തെ മലയായും അന്നത്തെ മലയായും തമ്മിൽ ഏറെ വ്യത്യസ്തതകളുണ്ട്. ഇന്നു കാണുന്നതിൽനിന്ന് വളരെ വ്യത്യസ്തമായൊരു സ്ഥിതിയാണ് അന്ന് മലയായിലുണ്ടായിരുന്നത്. പിനാങ്ക്, മലാക്കാ, സിംഗപ്പൂർ എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷുകാർ നേരിട്ട് ഭരിച്ചിരുന്നു. സ്റ്റേറ്റ് സെറ്റിൽമെന്റ്സ് എന്നാണതിനെ പറഞ്ഞുവന്നിരുന്നത്. തലസ്ഥാനം സിംഗപ്പൂർ ആയിരുന്നു. 9 സ്റ്റേറ്റുകളാണ് മലയായിലുള്ളത്. പേരാക്ക്, സിലാങ്കൂർ, നിഗരിസെമ്പിലാൻ, പഹാങ്ങ് എന്നീ 4 സ്റ്റേറ്റുകൾ ഒരു ഭരണത്തിൻ കീഴിലായിരുന്നു. അതാണ് എഫ്.എം.എസ് എന്ന പേരിൽ അറിയപ്പെട്ടത്. അതിന്റെ തലസ്ഥാനം കൊലാലംപൂർ ആയിരുന്നു. ഈ 4 സ്റ്റേറ്റിലെയും സുൽത്താന്മാരുടെ പേരിൽ ബ്രിട്ടീഷുകാർ അവിടുത്തെ ഭരണംനടത്തി. ബാക്കി 5 സ്റ്റേറ്റുകളിലും, ജോഹൂർ, കലന്താർ, പേർലിസ്, ട്രെങ്കാനൊ, കെഡ എന്നിവയിൽ അവിടങ്ങളിലെ സുൽത്താന്മാർ തന്നെ ഭരണം നടത്തിവന്നു. എന്നാൽ ഭരണകാര്യങ്ങളിൽ അവരെ ഉപദേശിക്കുവാനായി ഓരോ സ്റ്റേറ്റിലും ബ്രിട്ടീഷുദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ഉപദേശകൻമാർ എന്നായിരുന്നു പേരെങ്കിലും ഭരണം നടത്തിയിരുന്നത് അവരാണ്. ഇങ്ങനെ മൂന്നുതരത്തിലുള്ള ഭരണസമ്പ്രദായമാണ് അന്നു മലയാരാജ്യത്തുണ്ടായിരുന്നത്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞതിനുശേഷം മലയാസ്റ്റേറ്റുകൾ ഒരു ഫെഡറേഷനായിത്തീർന്നു. കൊലാലമ്പൂർ അതിന്റെ തലസ്ഥാനവും. ഇപ്പോൾ മലയായും സിംഗപ്പൂരും രണ്ടു വ്യത്യസ്ത രാജ്യങ്ങളായിത്തീർന്നിരിക്കയാണ്.

അക്കാലത്തെ മലയായിലെ ജനസംഖ്യാസ്ഥിതിവിശേഷം കേശവമേനോന്റെ ആത്മകഥയായ കഴിഞ്ഞകാലത്തിലുണ്ട്. ''ഏകദേശം 60 ലക്ഷം ജനങ്ങളുള്ള മലയായിൽ 44% മലയാക്കാരും 38% ചീനക്കാരും 11% ഇന്ത്യാക്കാരുമാണ്. ബാക്കിയുള്ളവരിൽ യൂറോപ്യൻമാരും മറ്റു വർഗക്കാരും പെടും. അവിടെയുള്ള ഇന്ത്യാക്കാരിൽ നൂറിൽ 85 ഉം റബർ തോട്ടങ്ങളിലോ മുൻസിപ്പാലിറ്റികളിലോ മരാമത്ത് വകുപ്പിലോ വേല ചെയ്യുന്നവരാണ്. ബാക്കിയുള്ളവരിൽ കച്ചവടക്കാരും ചെറിയ ഉദ്യോഗസ്ഥ

ന്മാരും ക്ലാർക്കുമാരും അധ്യാപകന്മാരും ഡോക്ടർമാരും ബാരിസ്റ്റർമാരുമുണ്ട്. അവിടെ ലോയർമാർ പ്രാക്ടീസ് ചെയ്യുന്ന സമ്പ്രദായത്തിനും ചില സവിശേഷതകളുണ്ട്. അവിടുത്തെ ഒരു പ്രത്യേക നിയമപരീക്ഷ പാസായവർക്കേ പ്രാക്ടീസ് ചെയ്യാൻ പാടുള്ളൂ.''[2]

തെക്കേ ആഫ്രിക്കയിൽ ഇന്ത്യാക്കാർ ഭൂരിഭാഗവും ഖനിതൊഴിലാളികളായിരുന്നു. ഇന്ത്യാക്കാരനായിരുന്നതിനാൽ ഗാന്ധിജിയെപ്പോലും 'കൂലി ബാരിസ്റ്റർ' എന്നായിരുന്നല്ലോ വിളിച്ചിരുന്നത്.[3] വിദേശങ്ങളിൽ ദുഃസ്സഹജീവിതം നയിച്ച ഇന്ത്യാക്കാരുടെ പ്രശ്നങ്ങൾ സ്വന്തമെന്ന് കരുതി അതിലിടപെടാനും പരിഹാരസാധ്യത തേടുന്നതിനും കേശവമേനോൻ ശ്രദ്ധിച്ചു. സിംഗപ്പൂർ ഇന്ത്യൻ അസോസിയേഷൻ, സിംഗപ്പൂർ മലയാളി സമാജം, രാമകൃഷ്ണ മിഷൻ തുടങ്ങിയവയിലും മേനോന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

1939-ൽ ഇന്ത്യൻ വ്യാപാരികളെ കരിതേച്ചുകാണിക്കുന്ന ഒരു ലേഖനം ഒരു ഇംഗ്ലീഷ് പത്രത്തിൽ ഒരു വെള്ളക്കാരൻ പ്രസിദ്ധപ്പെടുത്തി. ഇന്ത്യക്കാരെ ഒന്നാകെ വേദനിപ്പിച്ച ഈ സംഭവത്തിൽ പ്രതിഷേധപ്രമേയം സമർപ്പിച്ചത് കേശവമേനോന്റെ ചുമതലയിലായിരുന്നു. സിംഗപ്പൂർ പത്രങ്ങൾ ഒന്നൊഴിയാതെ ആ വെള്ളക്കാരന്റെ ധിക്കാരത്തെ അധിക്ഷേപിച്ചു. ഇന്ത്യൻ ജനതയോടുള്ള മേനോന്റെ ഐക്യദാർഢ്യത്തിന ഇത്തരം സംഭവങ്ങൾ അടിവരയിടുന്നു.

വിദേശങ്ങളിലെ ഇന്ത്യൻ കൂട്ടായ്മകളിൽ ഇന്ത്യൻ സ്വയംഭരണവാദങ്ങൾ ഉയർന്നുവരാതിരിക്കാൻ ബ്രിട്ടീഷുകാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തങ്ങളുടെ പിണിയാളുകളെക്കൊണ്ട് ബ്രിട്ടണനുകൂലമായ തീരുമാനങ്ങളെടുപ്പിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇന്ത്യൻ രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ സിംഗപ്പൂർ ഇന്ത്യൻ അസോസിയേഷനിൽ വരാൻ പാടില്ലെന്നൊരു നിയമം 1939-ൽ സിംഗപ്പൂർ ഇന്ത്യൻ അസോസിയേഷൻ പാസാക്കാനൊരുങ്ങി. അന്നത്തെ പരിതസ്ഥിതികളിൽ ബ്രിട്ടനെ കഠിനമായി വിമർശിക്കാതെ ഇന്ത്യൻ കാര്യങ്ങൾ സംസാരിക്കുക

സാധ്യമല്ലായിരുന്നു. ''അങ്ങനെയൊരു പ്രമേയം പാസ്സാക്കുന്നതിനെക്കാൾ അസോസിയേഷൻതന്നെ വേണ്ടെന്ന് വയ്ക്കുന്നതാണ് ഗുണകരമെന്ന്''[4] കേശവമേനോൻ വാദിച്ചു. ഏതായാലും പ്രമേയം തള്ളിപ്പോയത് വളരെ ഗുണകരമായ നേട്ടമായി കേശവമേനോൻ വിലയിരുത്തി.

1939-ൽ യൂറോപ്പിൽ ആരംഭിച്ച യുദ്ധം മലയായിലും ഭീതിപരത്തി. യുദ്ധഭീതി മലയാ-ഇന്ത്യൻ അസോസിയേഷനെ പിളർപ്പിലേക്ക് നയിച്ചു. ജർമ്മനി യൂറോപ്പ് മുഴുവൻ ആധിപത്യം ഉറപ്പിച്ചുവന്നപ്പോൾ ഏഷ്യയിൽ തങ്ങളുടെ ആധിപത്യം ഉറപ്പിക്കാനായിരുന്നു ജപ്പാന്റെ ശ്രമം. ''ഇന്ത്യാക്കാരുടെ അസ്വാതന്ത്ര്യങ്ങളെക്കുറിച്ച് വാചാലമായി സംസാരിച്ചുകൊണ്ട് വിദ്യാസമ്പന്നരായ ഇന്ത്യക്കാരെ ആകർഷിച്ചു പിടിക്കാനും അവരിലൂടെ തങ്ങൾക്കനുകൂലമായ വിധത്തിൽ സാധാരണക്കാരായ ഇന്ത്യാക്കാരുടെ ഒരു സൈനിക മണ്ഡലം രൂപീകരിക്കുവാനുമായിരുന്നു അവരുടെ പദ്ധതി.''[5] എന്നാൽ വിദഗ്ദ്ധമായ അണിയറനാടകമാണിതെന്ന് മേനോൻ മനസ്സിലാക്കിയിരുന്നു. ബ്രിട്ടീഷുകാരിൽനിന്ന് രക്ഷനേടാൻ ഇന്ത്യയെ സഹായിക്കാനെന്ന വ്യാജേന അടുത്തുകൂടിയ ജപ്പാന്റെ തന്ത്രങ്ങൾ ആരും ആദ്യം മനസ്സിലാക്കിയിരുന്നില്ല. ജാപ്പനീസ് ഉദ്യോഗസ്ഥനായ 'മേജർ ഫുജിവാര' അട്ടിൻതോലണിഞ്ഞ ചെന്നായ ആയിരുന്നുവെന്ന് മേനോൻ വിലയിരുത്തുന്നു.

ഇന്ത്യൻ ഇൻഡിപെന്റൻസ് ലീഗിന്റെ സിംഗപ്പൂർ ശാഖയുടെ രൂപീകരണം മേനോന്റെ വസതിയിൽവെച്ചാണ് നടന്നത്. ബംഗാളി ബാരിസ്റ്റർ ഗോഹോയെ അധ്യക്ഷനായും മേനോനെ ഉപാധ്യക്ഷനായും തെരഞ്ഞെടുത്തത് ജപ്പാന്റെ ചരടുവലികളോടെയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കായി ഇന്ത്യൻ സേനയെ ഉപയോഗിക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമായിരുന്നു ഇന്ത്യൻ ഇൻഡിപെന്റൻസ് ലീഗിന്റെ രൂപീകരണത്തിൽ ജപ്പാൻ കാട്ടിയ താത്പര്യം. ബ്രിട്ടീഷുകാരെക്കാൾ ചതിയന്മാരാണ് ജപ്പാൻകാർ എന്ന് മേനോനിലെ രാജ്യതന്ത്രജ്ഞൻ തിരിച്ചറിഞ്ഞു.

വളരെക്കാലമായി ജപ്പാനിൽ പാർത്തുവന്നിരുന്ന ഇന്ത്യക്കാരുടെ അവസ്ഥയേയും ആവശ്യങ്ങളേയും പറ്റി വേണ്ടത്ര ബോധ്യങ്ങൾ ഇല്ലാതിരുന്ന റാഷ്ബിഹാരി ബോസിനെ ജപ്പാൻകാർ നേതൃസ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ടുവന്നു. ജപ്പാന്റെ തന്ത്രങ്ങൾ കൃത്യമായി വിലയിരുത്താൻ അദ്ദേഹത്തിന സാധിച്ചിരുന്നില്ല. ബാങ്കോക്കിൽനടന്ന ലീഗ് സമ്മേളനത്തിൽ ഇന്ത്യൻ കോളണികളായിരുന്ന മഞ്ചുക്കോ, ഹോങ്കോങ്, ബോർണിയോ, ജാവ, മലയ, ഷാങ്ഹേ, മനില, ഇന്ത്യോചീന, തായ്ലന്റ് തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ഇന്ത്യൻ പ്രതിനിധികളെ പങ്കെടുപ്പിക്കാൻ ജപ്പാൻകാർ കണക്കില്ലാതെ പണം മുടക്കി. തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഇന്ത്യൻ സേനയെ ഉപയോഗിക്കുവാനുള്ള ജപ്പാന്റെ തന്ത്രങ്ങൾ ഇന്ത്യൻ നാഷണൽ ആർമിയുടെ രൂപീകരണത്തിന വഴിതെളിച്ചു. യുദ്ധത്തിൽ കീഴടങ്ങിയ ഇന്ത്യൻ പട്ടാളക്കാരെയും പുതുതായി ചേർന്ന സിവിലിയൻമാരെയും ഉൾപ്പെടുത്തിയാണ് ഐ.എൻ.എ രൂപീകരിക്കപ്പെട്ടത്.

കേശവമേനോനെ ഇൻഡിപെന്റൻസ് ലീഗ് പ്രസിദ്ധീകരണവകുപ്പ് മന്ത്രിയാക്കി കർമ്മസമിതി രൂപീകരിച്ചെങ്കിലും മേനോനറിയാതെയാണ് പല കാര്യങ്ങളും നടന്നിരുന്നത്. പ്രക്ഷേപണങ്ങൾക്കിടയിൽ ജപ്പാൻ ഗവണ്മെന്റിനനുകൂലമായ വാചകങ്ങൾ സ്ഥാനത്തും അസ്ഥാനത്തും കൂട്ടിച്ചേർക്കപ്പെട്ടു. ടോക്കിയോ മുതൽ റംഗൂൺവരെയുള്ള എല്ലാ റേഡിയോ സ്റ്റേഷനിലും താനറിയാത്ത കാര്യങ്ങൾ പ്രക്ഷേപണംചെയ്യാൻ തുടങ്ങിയത് അദ്ദേഹത്തെ ആകുലപ്പെടുത്തി. 'ഇംഗ്ലണ്ടിലെ ജന്റിൽമാനും കേരളത്തിന്റെ തറവാടിയുമായിരുന്ന മേനോന്റെ ദേശാഭിമാനം ആളിക്കത്തിക്കുന്നതിന ഇവ കാരണമായതായി മാതൃഭൂമി മുൻ പത്രാധിപരായിരുന്ന പി. നാരായണൻ നായർ വിലയിരുത്തുന്നു.'[6]

ഇന്ത്യൻ ദേശീയ സേനയിൽ പ്രവർത്തിച്ചുവന്ന മോഹൻസിംഗിനും ഇതേ മാതിരിയുള്ള അനുഭവങ്ങളുണ്ടായി. ടോക്കിയോ, ബാങ്കോക്ക് സമ്മേളനങ്ങൾക്കുശേഷം നിത്യേന വൈകുന്നേരം ഓരോ മണിക്കൂർ മേനോനും മോഹൻസിംഗും തമ്മിൽ ചർച്ചകൾ നടത്തിയിരുന്നു. ഇന്ത്യയുടെ ആത്മാഭിമാനത്തെ ചോദ്യംചെയ്യുന്ന ഒരു വിദേശശ

ക്തിയെയും അംഗീകരിക്കാൻ മേനോന സാധിച്ചില്ല. മാതൃഭൂമിയുടെ സ്ഥാപക പത്രാധിപർ എന്നനിലയിലുള്ള മുന്നനുഭവങ്ങൾ പ്രക്ഷേപണ കേന്ദ്രത്തിന്റെ നടത്തിപ്പിൽ കേശവമേനോന ഉപകാരമായി. ആവശ്യം വരുമ്പോൾ ഇന്ത്യയിൽ വിതരണം ചെയ്യുന്നതിനായി എല്ലാ ഇന്ത്യൻ ഭാഷകളിലും അദ്ദേഹം ലഘുലേഖകൾ തയാറാക്കിയിരുന്നു. ഇത് അവാസ്തവങ്ങളെ ഉയർത്തിപ്പിടിച്ചിരുന്ന ജപ്പാൻകാർക്ക് തിരിച്ചടിയായി. ഇന്ത്യൻ ഇൻഡിപെന്റൻസ് ലീഗിന്റെ ചുമതലയിൽ നടന്ന ദുരിതാശ്വാസപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കേശവമേനോൻ ശ്രമിച്ചു. പരിശീലനം സിദ്ധിച്ച സൈനികരും സന്നദ്ധഭടന്മാരുമടങ്ങുന്ന മൂന്നു ഗറില്ലാസേനാ ബ്രിഗേഡുകളും (ഗാന്ധി ബ്രിഗേഡ്, നെഹ്റു ബ്രിഗേഡ്, ആസാദ് ബ്രിഗേഡ്) ഒരു കാലാൾപ്പട വിഭാഗവും മേനോന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

തീപ്പൊരിയിൽ മുളച്ചുവന്ന കാട്ടുതീപോലെ ജാപ്പാധീനപ്രദേശങ്ങളിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരം ശക്തിപ്രാപിച്ചു. സ്വാർഥം മറന്നുനടത്തിയ സേവനപ്രവർത്തനങ്ങൾക്കിടയിൽ കേശവമേനോൻ സ്വന്തം ജനങ്ങളുടെ ഇടയിൽപോലും തെറ്റിദ്ധരിക്കപ്പെടുകയും അവരിൽ നിന്നുതന്നെ തിക്താനുഭവങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ''ജപ്പാനിലെ ആരഞ്ച്സ്ട്രീറ്റിൽ നടന്ന ലഹളയിൽ ആളറിയാതെ മേനോനും മകനും മർദ്ദനവിധേയരായി.''[7] സിംഗപ്പൂരിൽ 50000-ൽപരം ഇന്ത്യാക്കാർ പങ്കെടുത്ത ഒരു റാലിക്കുശേഷം നടന്ന സമ്മേളനത്തിൽ തമിഴ്പ്രസംഗം ഒഴിവാക്കിയതിന്റെ കാരണം മേനോനാണെന്ന് തെറ്റിദ്ധരിച്ച് തമിഴർ അദ്ദേഹത്തെ ആക്രമിച്ചു. മേനോന്റെ ദേശസേവനോൻമുഖമായ പ്രവർത്തനങ്ങൾക്ക് കോട്ടംവരാൻ ഇതൊന്നും കാരണമായില്ല. നിയമങ്ങൾക്കും കരിനിയമങ്ങൾക്കും മുൻപിൽ മാനുഷികത തകിടംമറിയുകയും ചൂഷിതരുടെ വേദനകൾ ആരാലും ശ്രദ്ധിക്കപ്പെടാതെ പോവുകയായിരുന്നു. യുദ്ധത്തിൽ വിജയികളായ ജപ്പാൻ ഇന്ത്യാക്കാരുടെ ന്യായമായ ആവശ്യങ്ങൾ പോലും വകവച്ചുകൊടുത്തില്ല. ഉടമസ്ഥരില്ലാത്ത ഇന്ത്യാക്കാരുടെ സ്വത്തുക്കൾ യഥാർത്ഥ ഉടമകൾക്ക് തിരിച്ചുകൊടുക്കേണ്ടതാണെന്ന് 'ലീഗ്' വാദിച്ചപ്പോൾ അന്താരാഷ്ട്രനിയമമനുസരിച്ച് അവ ശത്രുരാജ്യമായ ജപ്പാനുള്ളതാണെന്ന് അവർ അവകാശപ്പെട്ടു. ആത്മാർത്ഥതയുള്ള രാഷ്ട്രീയനേതാക്കളെ വഞ്ചകരെന്ന് തെറ്റിദ്ധരിപ്പിക്കുവാനും ജാപ്പനീസ് അനുഭാവിക

ളായ ഉദ്യോഗസ്ഥവൃന്ദത്തെ വളർത്തുവാനും ജപ്പാൻ ശ്രദ്ധിച്ചു. തങ്ങൾക്ക് വഴങ്ങുന്ന വർക്ക് അധികാരത്തിന്റെ അപ്പക്കഷണങ്ങൾ അവർ നിർല്ലോപം വിതരണം ചെയ്തു. "മോഹൻസിംഗിനെയും കേശവമേനോനെയും തമ്മിൽ തെറ്റിദ്ധരിപ്പിക്കാൻ ജപ്പാൻ കേണൽ 'ഇവാകുരു' വഴി ശ്രമിച്ചതായി മോഹൻസിംഗ് വെളിപ്പെടുത്തിയിട്ടുണ്ട്."[8] ജപ്പാന്റെ കുതന്ത്രങ്ങളെ അംഗീകരിക്കാത്തവർക്ക് കർമ്മസമിതിയിൽ നിലനിൽപ്പില്ല എന്ന് മനസ്സിലാക്കിയതോടെ രാജിക്കത്ത് സമർപ്പിക്കാൻ കേശവമേനോൻ മടിച്ചില്ല. സ്വന്തം കുടുംബാഗങ്ങൾ ആഹാരസാധനങ്ങൾക്ക പോലും വകയില്ലാതെ കുഴങ്ങുന്നത് മേനോൻ മനോവേദനയോടെ അഭിമുഖീകരിച്ചു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന ജപ്പാന്റെ സഹകരണം ലഭിക്കുമെന്ന പ്രതീക്ഷയോടെയാണ് സുഭാഷ് ചന്ദ്രബോസ് ആസാദ് ഹിന്ദ് ഗവൺമെന്റ് രൂപീകരിച്ചത്. ജപ്പാന്റെ സഹായത്തോടെ ഇന്ത്യയെ മോചിപ്പിച്ചാൽ അത് യഥാർത്ഥമോചനമാവില്ലെന്ന് മേനോൻ കരുതി. സുഭാഷിന്റെ നേതൃത്വം അംഗീകരിക്കാതിരുന്നത് കേശവമേനോന്റെയും മോഹൻസിംഗിന്റെയും അറസ്റ്റിലേയ്ക്ക് വഴിതെളിച്ചു. അറസ്റ്റ് ഭീഷണിയുടെ നടുവിൽ കഴിഞ്ഞിരുന്ന കേശവമേനോൻ തന്റെ കുടുംബത്തെയോർത്ത് വല്ലാതെ ഉത്കണ്ഠപ്പെട്ടിരുന്നു. ജപ്പാൻകാരുടെ അറസ്റ്റ് ബ്രിട്ടീഷുകാരുടേതുപോലെയായിരുന്നില്ല. അറസ്റ്റ് ചെയ്യപ്പെട്ട ആൾ മടങ്ങിവരുന്നത് ചുരുക്കമായിരുന്നു. നാമമാത്രമായിട്ടെങ്കിലും ഇന്ത്യൻ ഇൻഡിപെന്റൻസ് ലീഗുമായുള്ള ബന്ധം തുടർന്നുകൊണ്ടുപോകണമെന്ന് സുഹൃത്തുക്കൾ മേനോനെ ഉപദേശിച്ചിരുന്നു. എങ്കിലും തന്റെ നിശ്ചയത്തെ സംബന്ധിച്ച് മേനോൻ അചഞ്ചലനായിരുന്നു. അക്കാര്യത്തിൽ തെല്ലും വിട്ടുവീഴ്ചയ്ക്ക് അദ്ദേഹം തയ്യാറല്ലായിരുന്നു. അങ്ങനെചെയ്യുന്നത് മനഃസാക്ഷിവഞ്ചനയാണെന്ന് അദ്ദേഹം കരുതി. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കായി ഇന്ത്യ ജപ്പാനെ ക്ഷണിക്കാത്തിടത്തോളംകാലം ജപ്പാന്റെ സൈനിക ഇടപെടൽ ഇന്ത്യക്കെതിരാണെന്ന് മേനോൻ വിശ്വസിച്ചു. അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. കാറ്റും വെളിച്ചവും കടക്കാൻ ആറേഴു ദ്വാരങ്ങൾ മാത്രമുള്ള ചുവന്ന ക്രോസ് ചിഹ്നം അടയാളപ്പെടുത്തിയ ഒരു മുറി

യിൽ ചതുരംഗപ്പലകമേൽ വച്ച കരുക്കളെപ്പോലെ ദിവസങ്ങൾ കഴിച്ചുകൂട്ടിയപ്പോഴും സുഭാഷിന്റെ നേതൃത്വം അംഗീകരിക്കുക എന്ന ജപ്പാന്റെ പ്രലോഭനം മേനോൻ അംഗീകരിച്ചില്ല. "വയറ്റിൽ ചൂടുവെള്ളം പമ്പുചെയ്ത് കയറ്റിയശേഷം വയറ്റിൽ ചവിട്ടുക മേലേ തൂക്കിയിട്ട് അടിയിൽ തീ കൊളുത്തുക, ചൂരൽ തുന്നിക്കെട്ടുക തുടങ്ങി മരണതുല്യമായ പീഡനങ്ങളായിരുന്നു ജപ്പാന്റെ തടവറയിലെന്ന്"[9] മേനോൻ മാതൃഭൂമിയിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്.

ജപ്പാൻകാരുടെ സെല്ലിൽ കഴിഞ്ഞ കാലത്തെ ഭക്ഷ്യദൗർലഭ്യത്തെപ്പറ്റി സൂചിപ്പിക്കുന്നതു നോക്കുക. "എല്ലാവർക്കും കൊടുത്തതിനുശേഷം ഒരു ദിവസം രണ്ടു പിഞ്ഞാണം കഞ്ഞി ബാക്കിയായി. അതെന്തുചെയ്യുമെന്ന്, മടക്കിക്കൊണ്ടുപോവുമോ അതോ വല്ലവർക്കും കൊടുക്കുമോ എന്നറിയാൻ ഞങ്ങൾ എല്ലാവരും അക്ഷമരായി കാത്തിരിക്കുകയാണ്. തങ്ങൾക്കത് കിട്ടണമെന്ന് ഏതാണ്ട് എല്ലാവരും ആഗ്രഹിച്ചിരുന്നു എന്നത് തീർച്ച. പാത്രം കയ്യിലെടുത്തു ഇന്ത്യാക്കാരനായ ഉദ്യോഗസ്ഥൻ തീഗാ തീഗാ സിബലാൻ (മലായ് ഭാഷയിൽ മൂന്നുമൂന്നുഒമ്പതു) എന്നു വിളിച്ചു. ജയിൽപ്പുള്ളിയായിരുന്നപ്പോൾ എന്റെ നമ്പറാണത്. പാത്രം വാങ്ങുവാനായി ഞാൻ തിരക്കി മുന്നോട്ടുപോയപ്പോൾ അവിടെ ഉണ്ടായിരുന്ന തടവുകാരുടെ കണ്ണുകളെല്ലാം എന്നിൽ കേന്ദ്രീകരിച്ചു. എന്തൊരു ഭാഗ്യവാൻ എന്നവർ അപ്പോൾ വിചാരിച്ചിട്ടുണ്ടാവാം. ആ പാത്രവും കയ്യിലെടുത്ത് ഞാൻ ആദ്യം നിന്നിരുന്ന സ്ഥലത്തെത്തിയപ്പോൾ എന്റെ അടുത്തുണ്ടായിരുന്ന മാന്യസുഹൃത്തുക്കൾ എന്നെ അഭിനന്ദിച്ചു. ലക്കിമേൻ (ഭാഗ്യവാൻ) എന്ന് പറഞ്ഞുകൊണ്ട്...... പല അവാർഡുകളും സമ്മാനങ്ങളും ലഭിക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്. എന്നാൽ 2 പിടിച്ചോറടങ്ങിയ ആ പാത്രം കയ്യിൽ കിട്ടിയപ്പോഴുണ്ടായ സന്തോഷം മറ്റൊരവസരത്തിലും എനിക്കുണ്ടായിട്ടില്ല എന്ന് തീർത്തു പറയാം. ചീനക്കാരനായ ഒരു ജയിലർക്ക് എന്നോട് പ്രത്യേക ദയയുണ്ടായിരുന്നു. ദിവസേന കാലത്തു ജോലിസ്ഥലത്തുവന്നാൽ ഉദ്യോഗനിലയിൽ എന്നെ സമീപിക്കും. ആരും അടുത്തില്ലെന്ന് കണ്ടാൽ യുദ്ധവർത്തമാനങ്ങൾ എനിക്ക് പറഞ്ഞുതരും. അങ്ങനെയാണ് പുറത്തുനടക്കുന്ന സംഭവങ്ങൾ ഞാൻ അറിഞ്ഞിരുന്നതുതന്നെ."[10] രണ്ടാം

ലോകമഹായുദ്ധത്തിൽ ജപ്പാന്റെ കീഴടങ്ങലോടെയാണ കേശവമേനോനും സഹതടവുകാരും മോചിതരായത്.

ആദിത്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പതനം കാണാനും കേശവമേനോന ഭാഗ്യമുണ്ടായി. അദ്ദേഹം ബിലാത്തി വിശേഷത്തിൽ ഇങ്ങനെ എഴുതി. ''ചരിത്രാതീതകാലംമുതൽ എത്ര സാമ്രാജ്യങ്ങളുണ്ടായി? അവ ഏതെല്ലാം നിലയിലെത്തി? അവ എത്രകാലം നിലനിന്നു? അവസാനം ആ സാമ്രാജ്യങ്ങളുടെ സ്ഥിതി എന്തായി? റോമൻ സാമ്രാജ്യവും മുഗൾ സാമ്രാജ്യവും ഒട്ടോമൻ സാമ്രാജ്യവും റഷ്യൻ സാമ്രാജ്യവും എല്ലാം കാലത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിൽ മറഞ്ഞു. അവയുടെ കൂട്ടത്തിൽ ചേർന്നു ഇപ്പോൾ ബ്രിട്ടീഷ് സാമ്രാജ്യവും. അതിന്റെ അഭാവം ഉണ്ടാക്കിത്തീർത്ത പ്രശ്നങ്ങൾ ഇപ്പോൾ ബ്രിട്ടീഷുകാരെ അലട്ടിക്കൊണ്ടിരിക്കയാണ്. അത് പല പ്രകാരത്തിൽ കാണാം.''11

അസാധാരണങ്ങളായ പല പരീക്ഷണങ്ങളെയും അതിജീവിച്ച് ഇന്ത്യയുടെ സ്വയംനിർണായവകാശത്തിനായി ലഭ്യമായ ജീവിതസാഹചര്യങ്ങളിലെല്ലാം പോരാടിയ വ്യക്തിത്വമാണ് കെ.പി. കേശവമേനോൻ. അദ്ദേഹത്തിന്റെ 'മലയാ യുദ്ധകാലസ്മരണകൾ', ഭൂതവും ഭാവിയും' എന്നീ കൃതികളും ഈ പോരാട്ടങ്ങളുടെ നേർച്ചിത്രങ്ങൾ നൽകുന്നു. വിദേശങ്ങളിൽ നടന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളെ സംശയത്തോടെ വീക്ഷിച്ചിരുന്നവരുടെ മനോഭാവങ്ങൾ തിരുത്താനും ഇന്ത്യയിൽ അവർക്കനുകൂലമായി ഒരുവികാരം സൃഷ്ടിക്കാനും ബോധപൂർവം പരിശ്രമിക്കുകകൂടി ചെയ്ത രാജ്യസ്നേഹിയാണ് കെ.പി. കേശവമേനോൻ എന്ന കേരളത്തിന്റെ കാരണവർ.